(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം

1 [1] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്നു പ്രാബല്യത്തിൽ വരും എന്നു വ്യക്തമാക്കാമോ;

(ഡി) രൂപീകരിക്കാനുദ്ദേശിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഡി) കേരള ഭരണപരിഷ്ക്കാര സമിതിയുടെ 1997-ലെ 9-ാമതു റിപ്പോർട്ടിൽ കേരള സിവിൽ സർവീസ് രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള ശുപാർശയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അന്തിമതീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

മാതൃകാ സേവന കേന്ദ്രങ്ങൾ

2 [2] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണത്തിന്റെ ഭാഗമായി മാതൃകാ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സേവന മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) മാതൃകാ സേവന കേന്ദ്രങ്ങളിലൂടെ സർക്കാർ ലക്ഷ്യമാക്കുന്നതെന്താണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly